A.K.G. CENTRE FOR RESEARCH & STUDIES

Palayam, Thiruvananthapuram -34, Kerala, India


**4th International Congress on Kerala Studies 2016**


Phone: 0471-2305731, 2774500 Fax: 2307141 e-mail: akgcentre2014@gmail.com


തീയതി: 29-12-2015

<u>പ്രസിദ്ധീകരണത്തിന്</u>

## തോട്ടംമേഖലയെ രക്ഷിക്കാൻ ചെറുകിട ഉൽപാദക കൂട്ടായ്മകൾ വേണം

തോട്ടംമേഖലയെ പ്രതിസന്ധിയിൽ നിന്ന് രക്ഷിക്കാൻ ചെറുകിട ഉൽപ്പാദകരുടെ കൂട്ടായ്മകൾക്ക് രൂപം നൽകണമെന്ന് നാലാം അന്താരാഷ്ട്ര കേരളപഠന കോൺഗ്രസിന്റെ ചർച്ചകൾക്കായി തയാറാക്കിയ പ്ലാന്റേഷൻ മേഖലയെ സംബന്ധിക്കുന്ന രേഖ. കേരളത്തിലെ തോട്ടംമേഖലയിൽ സമീപകാലത്തുണ്ടായ വിലത്തകർച്ചയ്ക്ക് കാരണം ആസിയാൻ കരാറാണ്. ആസിയാൻ കരാറിനെതിരെ 2009 ൽ ഇടതുപക്ഷം ഉയർത്തിയ പ്രതിഷേധത്തെ പരിഹസിക്കാനാണ് യു.പി.എ സർക്കാരിനെ പിന്തുണച്ചവർ തയാറായത്. സ്വതന്ത്രവ്യാപാരത്തിന്റെ വാഗ്ദാനം നൽകി അനീതിപൂർവമായ വ്യാപാരത്തിലേക്ക് രാജ്യത്തെ നയിച്ചതിന്റെ പ്രത്യാഘാതങ്ങളാണ് കേരളത്തിലെ തോട്ടംമേഖല ഇന്ന് നേരിടുന്നത്. ലോകവ്യാപാരസംഘടനയും സ്വതന്ത്രവ്യാപാര ഉടമ്പടികളും വൻകിടമൂലധനത്തിന്റെ സംരക്ഷണത്തിനുവേണ്ടി മാത്രമേ നിലകൊള്ളുകയുള്ളു എന്ന യാഥാർഥ്യം മനസിലാക്കി ചെറുകിട ഉൽപ്പാദകരെ സംഘടിപ്പിക്കേണ്ടതുണ്ട്. പ്രാഥമിക ഉൽപ്പാദകരെ ചൂഷണംചെയ്ത് വിലയും കൂലിയും കുറയ്ക്കുന്ന അന്താരാഷ്ട്രകരാറുകൾക്ക് ബദലുകൾതേടണം.

സ്വാഭാവികറബ്ബറിന്റെ മേഖലയിൽ പരീക്ഷിച്ചുവിജയിച്ച ഉൽപ്പാദകരുടെ സഖ്യങ്ങൾ പ്രാഥമിക ഉൽപ്പാദകരുടെ രംഗത്തും പരീക്ഷിച്ചുനോക്കാവുന്നതാണ്. ആഗോളീകരണകാലത്തെ രാഷ്ട്രീയത്തിൽ ഇത്തരത്തിൽ മാറ്റങ്ങൾവരുത്താന് കൃഷിക്കാരുടെയും തൊഴിലാളികളുടെയും സംഘടനകൾ നേതൃത്വം നൽകണം. ലോകബാങ്കിന്റെയും മറ്റും സഹായംവാങ്ങി പരസ്പരം മൽസരിച്ച് ഉൽപ്പാദനം വർധിപ്പിച്ചതിനെത്തുടർന്നുണ്ടായ അധികലഭ്യതയാണ് റബ്ബർവിപണിയുടെ തകർച്ചയ്ക്ക് വഴിതെളിച്ചത്. അന്തർദേശീയ വിപണിയിലെ അധികറബ്ബർ പ്രമുഖ ഉൽപ്പാദകരാജ്യങ്ങൾ ചേർന്ന് കമ്പോളത്തിൽനിന്നും വാങ്ങി ഒരു കരുതൽശേഖരം ഉണ്ടാക്കിയാൽ വില ഉയരും. സർക്കാരുകള് റബ്ബർ സംസ്കരണ വിപണനകുത്തകകൾക്ക് വേണ്ടിയാണ് നിലകൊള്ളുന്നത്. റബ്ബർ ഉൽപ്പാദകരാജ്യങ്ങളിലെ ഭരണകൂടങ്ങളെ കൃഷിക്കാർക്കൊപ്പം നിർത്താന് കൃഷിക്കാർക്കും അവരുടെ സംഘടനകൾക്കും കഴിയേണ്ടതാണ്.

റബ്ബറിന്റെ കാര്യത്തിലെന്നപോലെ മറ്റ് തോട്ടവിളകളുടെ കാര്യത്തിലും ഇത്തരം അന്താരാഷ്ട്രകൂട്ടായ്മകൾക്ക് രൂപം നൽകാൻ കഴിയും. ഇതിന് തയാറാവാത്ത ദേശീയ സർക്കാരുകൾക്കെതിരായ സമരത്തിലൂടെയും അന്താരാഷ്ട്രകൂട്ടായ്മകൾക്ക് രൂപം നൽകാം. ഇതുണ്ടായാൽ റബ്ബറിന് ന്യായവില കിട്ടും.

പ്രാഥമികോൽപ്പാദനരംഗത്ത് സംസ്കരണ-വിപണന-കുത്തകവിപണിക്ക് പുറത്ത് സമാന്തര വിപണികളെ പ്രോൽസാഹിപ്പിക്കണം. ജൈവോൽപ്പന്ന വിപണികൾ, നീതിപൂർവം വ്യാപാരം ചെയ്യുന്നവർക്കുള്ള സംവരണ വിപണികൾ, ബ്രാൻഡുകള് എന്നിവ വളർത്തിയെടുക്കണം. കൃഷിക്കാരുടെ സംസ്കരണ-വിപണന സൊസൈറ്റികളെയും കമ്പനികളെയും പ്രോൽസാഹിപ്പിക്കണം. ഉൽപ്പാദനക്ഷമത വർധിപ്പിക്കണം. വിലസ്ഥിരതാ ഫണ്ട്, ഇൻഷുറൻസ് പദ്ധതികൾ എന്നിവ ആവിഷ്കരിക്കുന്നതിൽ സർക്കാരുകൾക്ക് ഉത്തരവാദിത്തമുണ്ടെന്നും കേരള പഠന കോൺഗ്രസിലെ വികസനരേഖ ചൂണ്ടിക്കാണിക്കുന്നു.